## പണ്ഡിത സഭ തിരിച്ചുവരുന്നു

**ഈജിപ്തിലെ** അൽ അസ്ഹർ സർവകലാശാല റെക്ടറെ തെരഞ്ഞെടുത്തിരുന്ന പണ്ഡിതസമിതി പുനഃസ്ഥാപിക്കുമെന്ന് സർവകലാശാലയുടെ നിലവിലുള്ള റെക്ടർ ഡോ. അഹ്മദ് ത്വയ്യിബ്. യോഗ്യരായ പണ്ഡിതന്മാർ ഈ സമിതിയിൽ എത്തിപ്പെടാൻ വേണ്ട സ്വതന്ത്ര സംവിധാനങ്ങൾ ഒരുക്കും. ഈ സമിതിയിൽ പെട്ട ഒരാളായിരിക്കും ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയോടെ സർവകലാശാല മേധാവിയായി വരിക.

■ ഡോ. അഹ്മദ് ത്വയ്യിബ്



ഈജിപ്ഷ്യൻ വിപ്ലവത്തിൽ ഉയർത്തപ്പെട്ട സുപ്രധാനമായ ഒരാവശ്യമായിരുന്നു അൽ അസ്ഹറിന് അതിന്റെ കവർന്നെടുക്കപ്പെട്ട സ്വാതന്ത്ര്യം തിരിച്ചു നൽകണമെന്നത്. ചരിത്രത്തിലുടനീളം ഇസ്‌ലാമിക സമൂഹത്തിന് മാർഗദർശനം നൽകിയ ഈ മഹത് സ്ഥാപനത്തെ പുറത്താക്കപ്പെട്ട ഏകാധിപതി ഹുസ്നി മുബാറക്ക് തന്റെ സിൽബന്ധികളെ കൊണ്ട് നിറച്ചിരുന്നു. ഡോ. അഹ്മദ് ത്വയ്യിബ് പ്രഗത്ഭനായ അക്കദമീഷ്യനാണെങ്കിലും മുബാറകിന്റെ നോമിനിയാണ്.

## ആ വലതുപക്ഷ തീവ്രവാദിയെയും വെറുതെ വിട്ടു!

**സ്വീഡനിൽ** പ്രവാചകനെയും പത്നി ആഇശ(റ)യെയും നിന്ദിക്കുന്ന പോസ്റ്ററുകൾ പതിച്ച സ്കാന എന്ന തീവ്ര വലതുപക്ഷ കക്ഷിയുടെ നേതാവ് കാൾ.പി ഹെർസ്ലോവിനെ കോടതി വെറുതെ വിട്ടു. അത്യന്തം ജുഗുപ്സാവഹവും മതവിദ്വേഷം ഇളക്കിവിടുന്നതുമാണ് പോസ്റ്റർ എന്ന് വാദിഭാഗം അഭിഭാഷകൻ കോടതിയെ ഉണർത്തി. ഹെർസ്ലോവിനെ ജയിലിലടക്കണമെന്നും പോസ്റ്റർ കണ്ടുകെട്ടണമെന്നും വാദിച്ചു. ജനാധിപത്യ മൂല്യങ്ങളെ നിരാകരിക്കുന്ന ഇസ്‌ലാമിനെക്കുറിച്ച് തീക്ഷ്ണമായ സംവാദങ്ങൾ ഉയർത്തിക്കൊണ്ട് വരികയാണ് തന്റെ ലക്ഷ്യമെന്നും ഇതിൽ മതവിദ്വേഷത്തിന്റെ പ്രശ്നമില്ലെന്നും ഹെർസ്ലോ വാദിച്ചു. ആ വാദമാണ് കോടതി അംഗീകരിച്ചത്. നബിയുടേതും പത്നിയുടേതും എന്ന് സൂചനയുള്ള രണ്ട് നഗ്നചിത്രങ്ങളാണ് പോസ്റ്ററിൽ ഉണ്ടായിരുന്നത്. ഇങ്ങനെയൊരു അടിക്കുറിപ്പും: "അദ്ദേഹത്തിന് 53, അവൾക്ക് 9. ഇത്തരം വിവാഹമാണോ നമുക്ക് വേണ്ടത്?"

## ഹെലൻ തോമസ് വീണ്ടും

**മുതിർന്ന** അമേരിക്കൻ പത്രപ്രവർത്തക ഹെലൻ തോമസ് അമേരിക്കൻ രാഷ്ട്രീയത്തിൽ പിടിമുറുക്കിയ ജൂതലോബിക്കെതിരെ വീണ്ടും ആഞ്ഞടിച്ചു. "വൈറ്റ് ഹൗസ്, കോൺഗ്രസ്, ധനകമ്പോളങ്ങൾ എന്നു വേണ്ട സകല അമേരിക്കൻ സ്ഥാപനങ്ങളും ജൂതലോബിയുടെ പൂർണ നിയന്ത്രണത്തിലാണ്." ഒരു അഭിമുഖത്തിൽ അവർ പറഞ്ഞു. ഈ സയണിസ്റ്റ് ഗൂഢാലോചന ഇപ്പോൾ മറനീക്കി പുറത്ത് വന്നിരിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു. ദീർഘകാലം വൈറ്റ് ഹൗസ് റിപ്പോർട്ടറായിരുന്നു 90 കഴിഞ്ഞ ഹെലൻ. ഇസ്രയേലിലെ ജൂതന്മാർ ഫലസ്ത്വീൻ തദ്ദേശവാസികൾക്ക് വിട്ടുകൊടുത്ത് ജർമനി, പോളണ്ട് തുടങ്ങിയ തങ്ങളുടെ സ്വന്തം നാടുകളിലേക്ക് മടങ്ങിപ്പോകണമെന്ന് ഹെലൻ നേരത്തെ ആവശ്യപ്പെട്ടിരുന്നു. ഇതിൽ ക്ഷുഭിതരായ ജൂതലോബി ഹെലനെ സകല സ്ഥാനങ്ങളിൽ നിന്നും നീക്കി. അവരുടെ പേരിൽ ഏർപ്പെടുത്തിയ പത്രപ്രവർത്തക അവാർഡ് വരെ എടുത്ത് കളഞ്ഞു.

അബൂ സ്വാലിഹ

# സെനഗലിൽ ആയിരങ്ങൾ തെരുവിലിറങ്ങി


■ അബ്ദുല്ല വാദി

**സാമ്പത്തിക** രാഷ്ട്രീയ അഴിച്ചുപണി ആവശ്യപ്പെട്ട് ആയിരക്കണക്കിന് പ്രതിഷേധകർ സെനഗൽ തലസ്ഥാനമായ ദാക്കാറിൽ തെരുവിലിറങ്ങി. ജനജീവിതം ദുസ്സഹമാക്കുന്ന വിധത്തിൽ അഴിമതിയും സ്വജനപക്ഷപാതവും വർധിച്ചുവരികയാണെന്ന് അവർ ചൂണ്ടിക്കാട്ടി.

നാൽപത് വർഷം അധികാരം കുത്തുകയാക്കിവെച്ച സോഷ്യലിസ്റ്റ് പാർട്ടിയെ പുറത്താക്കിക്കൊണ്ടാണ് അബ്ദുല്ല വാദിയുടെ നേതൃത്വത്തിൽ പതിനൊന്ന് വർഷം മുമ്പ് പ്രതിപക്ഷ സഖ്യം അധികാരത്തിലെത്തുന്നത്. അബ്ദുല്ല വാദിയും പിന്നീട് സ്വേഛാധിപതിയാവുന്നതാണ് കണ്ടത്. ഈജിപ്ത് -തുനീഷ്യ മാതൃകയിലാണ് ഇവിടെ യുവാക്കൾ സംഘടിക്കുന്നത്. തലസ്ഥാന നഗരിയിലെ മൈതാനത്തിന് അവർ തഹ്രീർ സ്‌ക്വയർ എന്നും പേരിട്ടു കഴിഞ്ഞു.